# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## വീട്ടുകൾക്ക് ആഡംബരനികുതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1168 — 05.03.2018 ൽ മറുപടിയ്ക്ക്

| ചോദ്യം<br>**ശ്രീ. പി.ടി.എ.റഹീം** | | മറുപടി<br>**ശ്രീ. ഇ.ചന്ദ്രശേഖരൻ**<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആഡംബര നികുതി ചുമത്തുന്നതിന് വീടുകൾക്ക് നിശ്ചയിച്ച വിസ്തീർണ്ണത്തിന്റെ പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 എ(1) പ്രകാരം 1.4.1999 നോ അതിനുശേഷമോ പൂർത്തിയാക്കിയിട്ടുള്ള 278.7 ചതുരശ്ര മീറ്ററോ അതിലധികമോ പ്ലിന്ത് ഏരിയയുള്ള എല്ലാ വീടുകൾക്കും പ്രതിവർഷം 4000/- രൂപ ആഡംബര നികുതി ചുമത്തുന്നു. |
| (ബി) | നിലവിൽ എത്ര രൂപയാണ് ആഡംബര നികുതിയായി വർഷം തോറും ഈടാക്കി വരുന്നത് ; ഏത് വർഷം മുതലാണ് ആയത് ഈടാക്കാൻ തുടങ്ങിയതെന്ന് അറിയിക്കാമോ: | (ബി) | നിലവിൽ 4000/- രൂപയാണ് ആഡംബരനികുതിയായി വർഷം തോറും ഈടാക്കിവരുന്നത് . 01.04.2014 മുതലാണ് പുതുക്കിയ നിരക്ക് ഈടാക്കാൻ തുടങ്ങിയത്. |
| (സി) | കൂടുതൽ വിസ്തീർണ്ണമുള്ള എല്ലാ വീടുകൾക്കും പരിധിയില്ലാതെ ഒരേ തുകയാണോ ആഡംബരനികുതിയായി ഈടാക്കുന്നതെന്ന് വിശദമാക്കുമോ; | | കൂടുതൽ വിസ്തീർണ്ണമുള്ള എല്ലാ വീടുകൾക്കും പരിധിയില്ലാതെ ഒരേ തുകയാണ് നിലവിൽ ആഡംബരനികുതിയായി ഈടാക്കുന്നത്. |
| (ഡി) | സംസ്ഥാനത്ത് ആഡംബരനികുതി നിശ്ചയിക്കുന്നതിനുള്ള വിസ്തീർണ്ണം നിലവിലുള്ളതിൽ നിന്ന് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | | പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഇ) | കൂടുതൽ വിസ്തൃതിയുള്ള ഭവനങ്ങൾക്ക് നികുതി നിശ്ചയിക്കുന്നതിൽ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | | ഉണ്ട്. കൂടുതൽ വിസ്തൃതിയുള്ള ഭവനങ്ങൾക്ക് ആഡംബര നികുതി നിശ്ചയിക്കുന്നതിൽ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തി നിലവിലെ കേരള കെട്ടിട നികുതി നിയമം, 1975 ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | വീടുകളുടെ ലൈഫ് കണക്കാക്കി ഒന്നിച്ച് ആഡംബര നികുതി അടക്കാൻ സന്നദ്ധരായവർക്ക് ആയതിന് അനുമതി നൽകുമോ? | | പരിഗണനയിലില്ല. |

Rashmidas

**സെക്ഷൻ ഓഫീസർ**